**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ തിരുവനന്തപുരത്തിന്റെ ഉത്തരവ്**

വിഷയം:- തസ്വഭവ – വിജിലൻസ് – ശ്രീ.ഷവനാസ്മാത്യൂ, മൂന്നാം ഗ്രേഡ് ഓവർസീയർ അതിരമ്പുഴ/നീണ്ടൂർ ഗ്രാമ പഞ്ചായത്ത് – അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിന് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തുന്നത് – സംബന്ധിച്ച് –

സൂചന:- 1) 04.02.2012 ലെ 67719/ഇഡബ്ല്യു3/11/തസ്വഭവ നമ്പർ കത്ത്

2) ഈ ഓഫീസിലെ 10.01.2013 ലെ നം. ഇ-12-647/11/സിഇ/തസ്വഭവ നമ്പരിലുള്ള ചാർജ്ജ് മെമ്മോയും ആരോപണങ്ങളും സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ്

3) 2013 മെയ് 30 വ്യാഴ ദിവസം ഇ 21/647/11/സിഇ/തസ്വഭവ തീയതി 20.05.2013 –ാം നമ്പർ ആയി നീക്കം ചെയ്യൽ സംബന്ധിച്ച് മാതൃഭൂമി പത്രത്തിൽ വന്ന പരസ്യം

4) എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം 18.02.2014 ൽ ഈ ഓഫീസിൽ നൽകിയ നം.എബി2-913/11-ാം നമ്പരായ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ് നം. ഇ21/647/2011/സിഇ/തസ്വഭവ തീയതി 03.06.2014**

ശ്രീ.ഷവനാസ്മാത്യൂ, മൂന്നാം ഗ്രേഡ് ഓവർസീയർ ആയ താങ്കൾ അതിരമ്പുഴ/ നീണ്ടൂർ ഗ്രാമ പഞ്ചായത്തിൽ 17.12.2010 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയാണ്.

ശ്രീ.ഷവനാസ്മാത്യൂവിനെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളത്തിന്റെ 26.08.2010 ലെ അഡ്വൈസ് നം.REIV(2)-53/05 പ്രകാരം ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം. ഇ6/6400/2008/സിഇ/തസ്വഭവ തീയതി 20.09.2010 മുഖാന്തിരം കോട്ടയം അതിരമ്പുഴ/ നീണ്ടൂർ ഗ്രാമ പഞ്ചായത്തിൽ മൂന്നാം ഗ്രേഡ് ഓവർസീയറായി നിയമിച്ചിട്ടുള്ളതാണ്. 03.11.2010 ൽ ടിയാൻ പ്രസ്തുത പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചു. ശ്രീ.ഷവനാസ്മാത്യൂ രണ്ട് വർഷത്തെ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും അപേക്ഷ അംഗീകരിക്കുന്നതിനു മുമ്പ് 17.12.2010 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും അനുവാദം കൂടാതെ തന്നെ രാജ്യം വിടുകയും ചെയ്തതായി അറിയാൻ കഴിഞ്ഞു. കൂടാതെ പ്രൊബേഷൻ പൂർത്തിയാകാതെ രണ്ട് വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ച ടിയാന്റെ അവധി അപേക്ഷ നിരസിക്കുവാനും ടിയാനെതിരെ Appendix XII 4 Para 9 Part I KSR പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാനുമായി സർക്കാർ സൂചന (1) കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. മേൽ പറഞ്ഞ കാരണങ്ങളാൽ സൂചന (2) പ്രകാരം ടിയാന് കുറ്റാരോപണമെമ്മോയും, ആരോപണങ്ങളെ സംബന്ധിച്ച ടിയാന്റെ അറിയാവുന്ന മേൽവിലാസത്തിൽ തപാൽ വഴി അയച്ചിരുന്നു. എന്നാൽ തപാൽ വകുപ്പ് അധികൃതർ ബന്ധപ്പെട്ട മേൽവിലാസത്തിൽ ആൾ താമസമില്ല എന്ന അഭിപ്രായത്തോടെ മടക്കി അയയ്ക്കുകയാണ് ഉണ്ടായത്. ഈ വിഷയങ്ങൾ കാണിച്ച്, 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ അനുസരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും സൂചന (3) പ്രകാരം പത്രദ്വാര നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. കാരണം ബോധിപ്പിക്കാൻ നോട്ടീസ് പ്രസിദ്ധീകരിച്ച് ഒരു മാസ സമയവും നോട്ടീസ് പ്രകാരം നൽകിയിരുന്നു. ഈ സമയ പരിധിക്കുള്ളിൽ കാരണം ബോധിപ്പിക്കാത്ത പക്ഷം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള

തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമെന്നും അറിയിച്ചിരുന്നു. സൂചന (4) ൽ പരാമർശിക്കുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്നുള്ള റിപ്പോർട്ടിലും ടിയാൻ വിദേശത്താണെന്നുള്ള വിവരം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടിയാനെ 17.12.2010 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള നടപടി സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

പി.ആർ.സജികുമാർ
ചീഫ് എൻജിനീയർ
എൽ.എസ്.ജി.ഡി
തിരുവനന്തപുരം

ശ്രീ.ഷവനാസ് മാത്യു,
മൂന്നാം ഗ്രേഡ് ഓവർസീയർ
അതിരമ്പുഴ/നീണ്ടൂർ ഗ്രാമ പഞ്ചായത്ത്
നെല്ലിത്താനത്ത് പറമ്പിൽ വീട്, കോതനല്ലൂർ പി.ഒ, കോട്ടയം - 686 632.
(എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം ജില്ലാ പഞ്ചായത്ത് മുഖാന്തിരം ) (Reg. Tapal)

പകർപ്പ് :
1) ഗവൺമെന്റ് സെക്രട്ടറി, തസ്വഭവ തിരുവനന്തപുരം (ഉപരി പത്രം മുഖേന)
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കോട്ടയം
3) അസിസ്റ്റന്റ് എഞ്ചിനീയർ, തസ്വഭവ, അതിരമ്പുഴ/ നീണ്ടൂർ ഗ്രാമ പഞ്ചായത്ത്
4) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5) പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് (ദിനപ്പത്രത്തിൽ പ്രസിദ്ധീകരണത്തിന്)
6) ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ / എ1 സെക്ഷൻ